# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

**പതിനാലാമത് റിപ്പോർട്ട്**

**(**2025 ഒക്ടോബർ മാസം 09-ാം തീയതി സഭയിൽ സമർപ്പിച്ചത്**)**

**(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-21)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**

**(2023-26)**

**പതിനാലാമത് റിപ്പോർട്ട്**

(2025 ഒക്ടോബർ മാസം 09-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-21)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | IV |
| മുഖവുര | .. | V |
| റിപ്പോർട്ട് | .. | 1-13 |
| അനുബന്ധം | .. | |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. എൻ. കെ. അക്‌ബർ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺകുമാർ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-21)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

ഈ റിപ്പോർട്ട് 2025 ഒക്ടോബർ 08-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**

*ചെയർപേഴ്സൺ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം

09 ഒക്ടോബർ 2025

## റിപ്പോർട്ട്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-21)യുടെ അഞ്ചാമത് റിപ്പോർട്ട് 2019 നവംബർ 19-ന് സഭയിൽ സമർപ്പിക്കയുണ്ടായി. സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ/ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 25.09.2019-ന് തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്ന റിപ്പോർട്ടായിരുന്നു ഇത്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകളിന്മേലും നിർദേശങ്ങളിന്മേലും അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത റിപ്പോർട്ട് 28.10.2020-ന് സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പിൽനിന്നും ലഭിച്ച മറുപടികളും അതിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളും അവയ്ക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടികളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

### സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

**1. വൈലോപ്പിള്ളി സംസ്കൃതി ഭവൻ**

(വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)

ശിപാർശ

ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറം ചട്ടയിൽ ഭരണ റിപ്പോർട്ടിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ടെന്ന് രേഖപ്പെടുത്തി റിപ്പോർട്ടുകൾ കുടിശ്ശികയില്ലാതെ സമർപ്പിക്കുന്നതിന് വകുപ്പ് ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകണമെന്നും വകുപ്പിന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 9)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിയ്ക്കുവാൻ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ 2021-2022 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

2022-23 വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് ഡിസംബർ 31 നകം സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

**2. കേരള കലാമണ്ഡലം**

ശിപാർശ

കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 12)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിയ്ക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

[സാംസ്കാരികകാര്യ(എ) വകുപ്പ് 08.12.2023-ലെ എ 3/122/2019/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും ചുവടെപ്പറയുന്ന അധിക വിവരം ആരായുകയും ചെയ്തു]

സമിതി ആരാഞ്ഞ അധികവിവരം

കേരള കലാമണ്ഡലത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നതിനും സമിതിയുടെ 12.12.2023-ലെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശം നാളിതുവരെ പാലിക്കാത്തതിനാൽ സമിതിയുടെ അടുത്ത തെളിവെടുപ്പ് യോഗത്തിൽ കലാമണ്ഡലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിട്ട് വിളിച്ചുവരുത്തി വിശദീകരണം ആവശ്യപ്പെടാനും തീരുമാനിച്ചു.

സ്വീകരിച്ച നടപടി

കേരള കലാമണ്ഡലത്തിന്റെ 2023-24 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ സാംസ്കാരികകാര്യ(എ) വകുപ്പിൽനിന്നും 28.07.2025-ലെ എ 3/322/2023/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

**3. കേരള ഫോക് ലോർ അക്കാദമി**

ശിപാർശ

ദീർഘകാലത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാക്കിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം കർശനമായി

പാലിക്കണമെന്നും കുടിശ്ശികയില്ലാതെ തന്നെ റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് വകുപ്പ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 14)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വരെയുള്ളവ സമർപ്പിച്ചിട്ടുണ്ട്.

**4. വാസ്തുവിദ്യാ ഗുരുകുലം**

ശിപാർശ

കുടിശ്ശിക റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കണമെന്നും ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ ഭരണ റിപ്പോർട്ടിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ടെന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ വകുപ്പ് സെക്രട്ടറി ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 17)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**5. മാർഗി**

ശിപാർശ

പ്രസ്തുത സ്ഥാപനത്തിന്റെ 2014-15-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2012-13, 2013-14 വർഷങ്ങളിലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽ കുന്നതുകൊണ്ട് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്നും ആയതിനാൽ സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 18)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**6. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്**

ശിപാർശ

സ്ഥാപനത്തിന്റെ തയ്യാറാക്കിയ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും 2018-19 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 2020 ഏപ്രിൽ മാസത്തിനകം ഓരോ വർഷത്തേക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കുവാൻ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 20)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിയ്ക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-2018 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

**7. ഭാരത് ഭവൻ**

ശിപാർശ

സ്ഥാപനത്തിന്റെ ഓഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് കുടിശ്ശിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റോടുകൂടി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 22)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിയ്ക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2011-2012 മുതൽ 2020-21 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തെ റിപ്പോർട്ടുകൾ താമസംവിനാ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

**8. ഗുരു ഗോപിനാഥ് നടന ഗ്രാമം**

ശിപാർശ

സ്ഥാപനത്തിന്റെ 2005-06 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടിന്റെ കാലതാമസപത്രികയിൻമേൽ സമിതി ആരാഞ്ഞ അധിക വിവരം ലഭ്യമാക്കുന്നതിന് മൂന്നു വർഷത്തോളമെടുത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു.

കൂടാതെ സ്ഥാപനത്തിന്റെ 2012-13 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. വകുപ്പിന്റെ നിരുത്തരവാദപരമായ ഈ നടപടിയിൽ സമിതി അമർഷം രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുവാനും റിപ്പോർട്ട് സമർപ്പണം സമയബന്ധിതമാക്കുവാനും, സമിതി ആവശ്യപ്പെടുന്ന വിവരം കൃത്യതയോടെ ലഭ്യമാക്കുവാനും വകുപ്പ് സെക്രട്ടറി തലത്തിൽ മോണിറ്ററിംഗും ഉന്നത ഉദ്യോഗസ്ഥ തലത്തിലുള്ള സംവിധാനവുമുണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 23)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**9. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്**

ശിപാർശ

2014-15 മുതൽ കുടിശ്ശികയായിട്ടുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ട് സമർപ്പണം കാലികമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 25)

സ്വീകരിച്ച നടപടി

2021-22 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**10. കേരള ലളിതകലാ അക്കാദമി**

ശിപാർശ

സ്ഥാപനത്തിന്റെ ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ പ്രവർത്തന റിപ്പോർട്ട് എന്ന് രേഖപ്പെടുത്തുന്നതിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് രേഖപ്പെടുത്തി ഓരോ വർഷത്തേയും കുടിശ്ശിക റിപ്പോർട്ടുകൾക്ക് പ്രത്യേകം പ്രത്യേകം കാലതാമസപത്രിക സഹിതം അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 28)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-20, 2020-21, 2021-22 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ട്

സർക്കാർ പരിഗണനയിലാണ്.

**11. കേരള സാഹിത്യ അക്കാദമി**

ശിപാർശ

ഈ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുടിശ്ശികയായിട്ടുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കണമെന്നും 2018-19-ലെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 30)

സ്വീകരിച്ച നടപടി

2020-21, 2021-22 വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്.

**12. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

ശിപാർശ

സ്ഥാപനത്തിന്റെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി നിയമസഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 32)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**13. സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

ശിപാർശ

സ്ഥാപനത്തിന്റെ 2012-13 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും ഇനി മുതൽ ഭരണ റിപ്പോർട്ടിന് പകരം വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ തന്നെ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 33)

സ്വീകരിച്ച നടപടി

ഖണ്ഡികയിലെ പരാമർശം പാലിയ്ക്കുവാൻ സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## 14. കേരള സംഗീത നാടക അക്കാദമി

ശിപാർശ

സ്ഥാപനത്തിന്റെ പ്രവർത്തന മികവിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 34)

ശിപാർശ

സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ വാർഷിക ഓഡിറ്റ് റിപ്പോർട്ടെന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 35)

സ്വീകരിച്ച നടപടി

2021-22 വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്.

## 15. പൈതൃക പഠന കേന്ദ്രം (സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്)

ശിപാർശ

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ 2006-07 മുതൽ 2011-12 വരെയുള്ള ഭരണ റിപ്പോർട്ടുകളിലെ ഡിലേ സ്റ്റേറ്റ്മെന്റുകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളുമയച്ചിട്ടും തെളിവെടുപ്പ് തീയതി വരെ യാതൊരു മറുപടിയും ലഭ്യമാക്കിയിരുന്നില്ല. ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കണമെന്നും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കൃത്യത വരുത്തുന്നതിന്

വകുപ്പുതലത്തിൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 37)

സ്വീകരിച്ച നടപടി

സമിതി നിർദ്ദേശം പാലിച്ചുകൊണ്ട് 2017-18 വരെയുള്ള വാർഷിക ഓഡിറ്റ് റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശിക റിപ്പോർട്ടുകൾ താമസംവിനാ സമർപ്പിക്കുന്നതാണ്.

## 16. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

ശിപാർശ

തെളിവെടുപ്പ് യോഗത്തിൽ സെക്രട്ടറി നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം സാംസ്കാരിക വകുപ്പ് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 40)

ശിപാർശ

കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ ഭരണ റിപ്പോർട്ടിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 41)

സ്വീകരിച്ച നടപടി

2021-2022 വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് ഡിസംബർ 31 നകം സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

## 17. ഉണ്ണായി വാര്യർ സ്മാരക കലാനിലയം

ശിപാർശ

സർക്കാരിൽ നിന്നും 50 ലക്ഷത്തിന് മുകളിൽ നോൺ-പ്ലാൻ ഫണ്ട് സ്വീകരിക്കുന്നതിനാൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 42)

ശിപാർശ

അഞ്ച് ജവഹർ ബാലഭവനുകൾ, ശ്രീ നാരായണ ഇന്റർ നാഷണൽ സ്റ്റഡി സെന്റർ, ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, മൊയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ബോർഡ്, മലയാളം മിഷൻ എന്നീ സ്ഥാപനങ്ങൾ വാർഷിക, ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നില്ലെന്ന് സമിതി കണ്ടെത്തുകയും മൂന്ന് മാസത്തിനകം ഗവൺമെന്റിന് കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശികയുള്ള ആഡിറ്റ് കണക്കുകളും വാർഷിക റിപ്പോർട്ടും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 43)

സ്വീകരിച്ച നടപടി

2022-2023 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

**പൊതു ശിപാർശകൾ / നിർദ്ദേശങ്ങൾ**

ശിപാർശ

സാംസ്കാരികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാരിന്റെ സാമ്പത്തിക സഹായം കൈപ്പറ്റുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ലിസ്റ്റും ഓരോ സ്ഥാപനത്തിനും 2018-19 സാമ്പത്തിക വർഷം ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ചുമുള്ള വിശദവിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 44)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ കാര്യാലയത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയ സാംസ്കാരിക സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

ശിപാർശ

സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനും വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റഡ് അക്കൗണ്ട്സുകൾ എന്നിവ

നിശ്ചിത സമയപരിധിയിക്കുള്ളിൽ സഭയിൽ സമർപ്പിക്കാനും സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന വിശദവിവരം അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 45)

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനും വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റഡ് അക്കൗണ്ട്സുകൾ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സഭയിൽ സമർപ്പിക്കാനുമുള്ള കർശന നിർദ്ദേശം നൽകുകയും സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി ഓർമ്മക്കുറിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രവർത്തനം നിലച്ചതോ മറ്റേതെങ്കിലും സ്ഥാപനത്തിൽ ലയിപ്പിച്ചിട്ടുള്ളതോ ആയ സ്ഥാപനമുണ്ടെങ്കിൽ, എന്ന് അതിന്റെ പ്രവർത്തനം നിർത്തി, ഏത് സ്ഥാപനത്തിൽ ലയിപ്പിച്ചു, പ്രവർത്തനം നിലച്ച വർഷം വരെയുള്ള വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ തുടങ്ങിയവ വ്യക്തമാക്കുന്ന റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 46)

സ്വീകരിച്ച നടപടി

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രവർത്തനം നിലച്ച സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ 2018-ൽ രൂപീകരിച്ച സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം 2022 ജൂൺ മാസം അവസാനിപ്പിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നു.

ശിപാർശ

സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിന് ശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി

നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 47)

<u>സ്വീകരിച്ച നടപടി</u>

സമിതി നിർദ്ദേശം കൃത്യമായി പാലിക്കുവാൻ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

കുടിശ്ശിക വരുത്തിയ റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റിൽ "മേലിൽ ഇത്തരം കാലതാമസം വരുത്തുകയില്ല" എന്ന് സത്യവാങ്മൂലം നൽകിയിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീണ്ടും കാലതാമസം ഉണ്ടാക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

(ഖണ്ഡിക- 48)

<u>സ്വീകരിച്ച നടപടി</u>

സമിതി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

റിപ്പോർട്ടുകൾ, എസ്.ആർ.ഒ.കൾ, മറ്റ് രേഖകൾ എന്നിവ നിയമസഭാ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സഭയിൽ സമർപ്പിക്കാതെ എല്ലാം കൂടി ഒരുമിച്ച് ചില പൊതുവായ കാരണം പറഞ്ഞ് ഒരു കാലതാമസപത്രിക മാത്രം സമർപ്പിക്കുന്ന രീതി അവസാനിപ്പിക്കണമെന്നും കാലതാമസത്തിനുള്ള കാരണം പലതാണെന്നിരിക്കെ റിപ്പോർട്ട്, എസ്.ആർ.ഒ., വിജ്ഞാപനം എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കുന്നതിന് വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 49)

<u>സ്വീകരിച്ച നടപടി</u>

കുടിശിക പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുടിശിക ഇല്ലാതെ റിപ്പോർട്ട് അതത് സാമ്പത്തികവർഷത്തിനുള്ളിൽ സമർപ്പിക്കുന്നതാണെന്നും അറിയിക്കുന്നു.

<u>ശിപാർശ</u>

ഒരു സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കണമെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതിനാൽ സ്ഥാപനത്തിന്റെ ആക്ടിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 166(B) പ്രകാരം ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 50)

<u>സ്വീകരിച്ച നടപടി</u>

കുടിശിക പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുടിശിക ഇല്ലാതെ റിപ്പോർട്ട് അതത് സാമ്പത്തികവർഷത്തിനുള്ളിൽ സമർപ്പിക്കുന്നതാണെന്നും അറിയിക്കുന്നു.

<u>ശിപാർശ</u>

നിയമസഭയ്ക്ക് രേഖകൾ സമർപ്പിക്കേണ്ടതിന്റെ ഗൗരവം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതിന് വകുപ്പ് സെക്രട്ടറി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ, നിയമസഭയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി മേശപ്പുറത്തു വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക- 51)

<u>സ്വീകരിച്ച നടപടി</u>

സമിതി നിർദ്ദേശം കർശനമായി പാലിക്കുന്നതാണ്.

<u>ശിപാർശ</u>

കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള സമിതി(2019-21)യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് സെക്രട്ടറി നിർദ്ദേശം

നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക- 52)

<u>സ്വീകരിച്ച നടപടി</u>

കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി(2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**
*ചെയർപേഴ്സൺ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
08 ഒക്ടോബർ 2025